## നഗര ഗ്രാമാസൂത്രണ വകുപ്പ്
## ജില്ലാ നഗര ഗ്രാമാസൂത്രണ കാര്യാലയം, വയനാട്
## നടപടിക്രമം

വിഷയം: ജില്ലാ നഗരാസൂത്രണ കാര്യാലയം, വയനാട് - പയ്യമ്പള്ളി വില്ലേജ് സർവ്വേ നമ്പർ 175/15, 175/16 ൽ റിട്രീറ്റ് സെന്റർ നിർമ്മാണം ലേഔട്ട്/ യൂസേജ് അംഗീകാരം നൽകി ഉത്തരവാകുന്നു.

സൂചന:- മാനന്തവാടി നഗരസഭാ സെക്രട്ടറിയുടെ 26/10/19 ലെ എ 4-16643/19 നമ്പർ കത്ത്

**ഉത്തരവ് നമ്പർ TCPWYD/863/2019-C തീയതി27/11/2019**

മാനന്തവാടി നഗരസഭയിൽ പയ്യമ്പള്ളി വില്ലേജിൽ ബ്ലോക്ക് 28 ൽ റീ സർവ്വേ നമ്പർ 175/15 ,175/16 ൽ പ്പെട്ട 0.3110 ഹെക്ടർ സ്ഥലത്ത് മൂന്ന് നിലകളിലായി 1324.99 ച.മി ഗ്രൂപ്പ് സി മെഡിക്കൽ വിഭാഗത്തിൽ വരുന്ന ഡി-അഡിക്ഷൻ സെന്ററും, അനുബന്ധമായി 2 നിലകളിലായി 864.46 ച.മി ഗ്രൂപ്പ് ഡി അസംബ്ളി വിഭാഗത്തിൽ വരുന്ന റിട്രീറ്റ് സെന്ററും നിർമ്മിക്കുന്നതിന് (ആകെ ഫ്ലോർ ഏരിയ - 2186.45 ച.മി) താഴെപറയുന്ന നിബന്ധനകൾ പാലിക്കണമെന്ന വ്യവസ്ഥയിൽ കെട്ടിടങ്ങളുടെ ലേഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

### നിബന്ധനകൾ

1. നിമ്മാണം കെ.എം.ബി.ആർ 1999 ലെയും തുടർന്നുള്ള ഭേദഗതികളിലെയും വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം.
2. നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, അതിരളവുകൾ, സൈറ്റ് പ്ലാനിൽ കാണിച്ചിരിക്കുന്ന മറ്റ് അളവുകൾ എന്നിവയുടെ കൃത്യത സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
3. നിർമ്മാണ സ്ഥലത്ത് ശുദ്ധജല ലഭ്യത ഉറപ്പ വരുത്തേണ്ടതാണ്.
4. മാലിന്യ നിർമ്മാർജ്ജനത്തിനും മലിനജല സംസ്കാരണത്തിനും സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതും മലിനജല സംഭരണം - സംസ്കരണം - പുനരുപയോഗം എന്നിവക്ക് നിർമ്മാണസ്ഥലത്തുതന്നെ ഉചിതമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.
5. പ്രായോഗികമായതും മതിയായതുമായ പാർക്കിംഗ് സംവിധാനങ്ങൾ, സന്ദർശകർക്കുൾപ്പെടെ, ഉണ്ടെന്നു ഉറപ്പാക്കിയിരിക്കണം . ട്രാഫിക് തടസ്സപെടുന്നവിധം റോഡിൽ പാർക്കിംഗ് അനുവദീയമല്ല.
6. നിർമ്മാണത്തിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, സംസ്ഥാന ഫയർഫോഴ്സ് വകുപ്പ് എന്നിവരിൽ നിന്നുള്ള നിരാക്ഷേപ പത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.
7. നിർമ്മാണത്തോട് അനുബന്ധിച്ചുള്ള മണ്ണ് കുഴിക്കൽ , ഫില്ലിംഗ് എന്നിവയ്ക്ക് ആവശ്യമായ അനുമതികൾ ലഭ്യമാക്കിയിരിക്കേണ്ടതാണ്.
8. ചട്ടങ്ങൾ 109 A, 109 B, 109 C പ്രകാരമുള്ള മഴവെള്ള സംഭരണ സംവിധാനം , മഴവെള്ള സംഭരണി, സൗരോർജ ലൈറ്റിംഗ്/ചൂട് വെള്ള സംവിധാനം എന്നിവ പാലിച്ചിരിക്കണം.
9. കെട്ടിടങ്ങളുടെയും റീറ്റെയ്നിങ് വാളുകളുടേയും structural stability ഒരു structural engineer ഉറപ്പാക്കിയിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല.

കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി മാനന്തവാടി നഗരസഭാ സെക്രട്ടറിയിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**അംഗീകരിച്ച സൈറ്റ് പ്ലാൻ 14/2019 നമ്പറായി ചേർത്ത് ഇതോടൊപ്പം അയയ്ക്കുന്നു.**

28/11/19

RAMACHANDRAN A
TOWN PLANNER

ഉള്ളടക്കം: പ്ലാൻ ഒരു സെറ്റ്

To
സെക്രട്ടറി,
മാനന്തവാടി മുനിസിപ്പാലിറ്റി

പകർപ്പ്:
1. മാത്യു തോമസ് & ഡെയ്സി തോമസ്
ഒറ്റത്തെങ്ങിൽ (ഹൌസ്)
കൊയിലേരി, മാനന്തവാടി
2. അധികം

DESPATCHED 28/11/19